കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുറത്തൂർ ഗ്രാമപഞ്ചായത്ത്

# 2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.17/2241/2017

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്

ജില്ലാഓഡിറ്റ്കാര്യാലയം,മലപ്പുറം

തീയതി 17/11/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുറത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:പുറത്തൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3)കാര്യാലയ പകർപ്പ്

എബികെ 11/17

നം.കെ.എസ്.എ.എം.പി.എം.17/2241/2017

തിയ്യതി: 17/11/2017

മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 4-12-16 മുതൽ 25-09-17തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.എ.എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 26-09-17മുതൽ 10-10-17വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ബേബി.പി .വി. | ഓഡിറ്റ് ഓഫീസർ. |
| | | ശ്രീ.എം.പി.അബ്ദുൾ റഷീദ് | അസി.ഓഡിറ്റ് ഓഫീസർ. |
| | | ശ്രീ.പി.യൂസഫ് | സീനിയർ ഗ്രേഡ് ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.റഹ്മത്ത്സൗദ.എൻ.പി | 01-04-16മുതൽ<br>31-3-17വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. കെ.അബൂഫൈസൽ | 01-04-16 മുതൽ<br>31-03-17 വരെ |
| മറ്റ നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ICDS സൂപ്പർവൈസർ | ശ്രീമതി.സക്കീന കുന്നത്ത് | 01-04-16മുതൽ<br>31-03-17വരെ |
| അസി.എഞ്ചിനിയർ. | ശ്രീമതി ജിൻസി | 01-04-16മുതൽ<br>31-03-17വരെ |
| കൃഷി ഓഫീസർ. | ശ്രീ.വിനയൻ.എം.വി. | 01-04-16മുതൽ<br>31-03-17വരെ |
| ഹെഡ് മിസ്ട്രസ്. | ശ്രീമതി.രമണി | 01-04-16 മുതൽ<br>20-02-17 വരെ |
| | ശ്രീമതി.ബേബി.എം.ടി. | 21-02-17 മുതൽ<br>31-03-17 വരെ |
| വെറ്ററിനറി സർജൻ | ഡോ. സിന്ധു സത്യൻ | 01-04-16 മുതൽ<br>13-12-16 വരെ |
| | ഡോ.പ്രദീപ് ജോൺ | 14-12-16മുതൽ 31-03-17 വരെ |
| വി.ഇ.ഒ | ശ്രീ.അനീഷ്.എസ് | 01-04-16 മുതൽ<br>30-06-16 വരെ |
| | ശ്രീ.ബാബുമോൻ | 01-07-16 മുതൽ<br>20-11-16 വരെ |
| | ശ്രീ.ബൈജുലാൽ | 21-11-16 മുതൽ 31-03-17 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (CHC) | ഡോ.നജ്മ | 01-04-16. മുതൽ 31-03-17വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. എൻ. പ്രദീപ് കുമാർ | 01-04-16മുതൽ 30-12-16 വരെ |
| | ശ്രീമതി.എ.എം.റീന. | 31-12-16മുതൽ 31.03.17 വരെ |

ഉള്ളടക്കം

| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3. | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം | 1-3 |
| 4. | സാമ്പത്തീക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |
| 7. | തനത് വരുമാനം | 1-7 |
| 8. | ക്ഷേമ പദ്ധതികൾ | 1-8 |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10. | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം- 2 | |
| 12. | തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 |
| 13. | മൊബൈൽ ഫോൺ ടവറുകൾ- അനുബന്ധ കെട്ടിടങ്ങളുടെ വസ്തു നികുതി വിവരം ലഭ്യമാക്കിയില്ല. | 2-2 |
| | ഭാഗം-3 | |
| **14.** | ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പ്രൊജക്റ്റിൽ സർക്കാർ ഉത്തരവ് പാലിക്കാതെ വാങ്ങിയ സ്ഥലത്തിന് പണം നൽകിയത് | 3-1 |

| | | |
|---|---|---|
| | അംഗീകരിക്കുന്നില്ല. | |
| 15 | 8 വർഷം പഴക്കമില്ലാത്ത വീടിന് ഭവന പുനരുദ്ധാരണ ധനസഹായം അനുവദിച്ചത് അംഗീകരിക്കുന്നില്ല. | 3-2 |
| 16 | അർഹത ഉറപ്പാക്കാതെ ഓട്ടോറിക്ഷ വാങ്ങലിന് ധനസഹായം നൽകിയത് അംഗീകരിക്കുന്നില്ല. | 3-3 |
| 17. | പി.എം.എ.വൈ ഷെയർ നൽകൽ-വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ ചെലവു തടസ്സം ചെയ്യുന്നു. | 3-4 |
| 18 | ഭവന പുനരുദ്ധാരണം (എസ്.സി)-രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സം ചെയ്യുന്നു. | 3-5 |
| 19 | ഭവന വൈദ്യുതീകരണ ധനസഹായം-അപാകതകൾ | 3-6 |
| 20. | ഭവന പുനരുദ്ധാരണം ജനറൽ-അപാകതകൾ | 3-7 |
| 21. | മരുന്ന് വാങ്ങൽ പ്രൊജക്റ്റുകൾ-മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. | 3-8 |
| 22. | രോഗപ്രതിരോഗ പ്രവർത്തനം-ക്രമക്കേടുകൾ | 3-9 |
| 23. | വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ ചെലവു തുക തടസ്സം ചെയ്യുന്നു. | 3-10 |
| 24 | അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല | 3-11 |
| 25 | പഠന യാത്ര നടത്താത്ത ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിഹിതം നൽകി | 3-12 |
| 26 | തെരുവ് നായ നിയന്ത്രണം - എ.ബി.സി. പദ്ധതി ചെലവ് രേഖകൾ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. | 3-13 |
| 27 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ -എൻ എ സി,സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല | 3-14 |
| 28 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-15 |
| 29 | ലോഗ് ബുക്ക് ശരിയായ രീതിയിൽ | 3-16 |

| | | |
|---|---|---|
| | എഴുതി സൂക്ഷിക്കുന്നില്ല. | |
| | ഭാഗം- 4 | |
| 30 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 |
| 40 | AUDIT CERTIFICATE | 4-11 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 27-03-2016ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ഫങ്ഷൻ – ഫങ്ഷനറി അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 15-07-2016 | - | - |

## 1-3 വാർഷിക കണക്കുകൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

2016-17 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1).2015-16 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കേഷൻ പ്രകാരമുള്ള അപാകതകൾ (ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-3) പരിഹരിച്ചിട്ടില്ല.

2).അക്കൗണ്ടുകളിൽ മേലുള്ള കുറിപ്പുകൾ , മുൻ വർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3).ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

4).അക്രൂവൽ അടിസ്ഥാനത്തിലേയ്ക്ക് മാറുന്നതിന് മുമ്പുള്ള മുഴുവൻ സ്ഥാവര ജംഗമ ആസ്തികൾ തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5).2015-16 വാർഷിക കണക്ക് , ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരമുള്ള കണക്കുകൾ 2016-17ലെ 'സഞ്ജയ' രജിസ്റ്റർ പ്രകാരം വസ്തു നികുതി , ലൈബ്രറി സെസ് എന്നിവയുടെ കുടിശ്ശിക ഡിമാന്റുമായി പൊരുത്തപ്പെടുന്നില്ല.നികുതി-നികുതിയേതര വരുമാനങ്ങളുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6) കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് ചട്ടങ്ങൾ )ചട്ടം 60 പ്രകാരം നിർദേശിച്ച വരവ് ചെലവ് കണക്കുകൾ ഓരോ മാസവും 10 ാം തിയതിക്കകം ധനകാര്യ സ്റ്റാൻന്റിം കമ്മറ്റിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങണമെന്ന നിർദേശം പാലിച്ചിട്ടില്ല.

7).ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം,തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം,ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾകൊള്ളിച്ച്കൊണ്ട് സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

8). 2015-16 വാർഷിക കണക്ക് പ്രകാരം തൊഴിൽ നികുതി കുടിശ്ശികയില്ല. എന്നാൽ 2016-17 വർഷം തൊഴിൽ നികുതി കുടിശ്ശിക 16,160 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

9) ഗ്രാമ പഞ്ചായത്തിന് കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ തുകകൾ,ആസ്തി ബാധ്യതകൾ എന്നിവക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

10) ചെലവഴിക്കാനവശേഷിക്കുന്ന ബി ഫണ്ട് തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല(ഷെഡ്യൂൾ B-9).

11).ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14(a)പ്രകാരം എം.എൻ.ആർ.ജി.എസ്. ചെലവ് 185.10 ലക്ഷം രൂപയാണ്. എന്നാൽ എം.എൻ.ആർ.ഇ.ജി.എസ്. രേഖകൾ പ്രകാരം ചെലവ് 185.50 ലക്ഷം രൂപയാണ്. മാത്രമല്ല, റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള ഓപ്പണിംഗ് ബാലൻസ് I-6 ഷെഡ്യൂൾ പ്രകാരമുള്ള വരവും കൂടിയ തുകയിൽ നിന്ന് I-14(a) പ്രകാരമുള്ള ചെലവ് തുക കുറയ്ക്കുമ്പോൾ ക്ലോസിംഗ് ബാലൻസ് തുക പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തീക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9621120.77 |
| വരവ് | 53716264 |
| ആകെ | 63337384.77 |
| ചെലവ് | 52950437 |
| നീക്കിയിരുപ്പ് | 10386947.77 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /(ഗവ. പിൻവലിച്ചത്) | ചെലവ് ശതമാനം | നീക്കിയിരിപ്പ് RP -40(b) പ്രകാരം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 17881909 | 17881909 | 15678071 | 2203838 | 87.67 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 9522303 | 9522303 | 5311683 | 4210620 | 55.78 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2241 | 2241 | 0 | 2241 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4042458 | 4042458 | 342500 | 3699958 | 8.47 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3959868 | 3959868 | 1861176 | 2158692 | 45.48 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10028903 | 10028903 | 4849393 | 5179510 | 48.35 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 5302981 | 5302981 | 490077 | 4812904 | 9.24 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 1190 | 18592973 | 18594163 | 18587992 | 0 | 99.96 | 6171 |
| ബി ഫണ്ട് | 0 | 34315057 | 34315057 | 34315057 | 0 | 100 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 200 | 78661996 | 87 | 40761297 | 21 | 92 | 43.50 |

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്. (ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നല്കിയ റിപ്പോർട്ട് പ്രകാരം )

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2161853 | 2784588 | 622735 | (+)28.81 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 379315 | 868648 | 489333 | (+)129.00 |
| മറ്റുവരവുകൾ | 137090 | 509153 | 372063 | (+)271.40 |
| ആകെ | 2678258 | 4162389 | 1484131 | (-) |

ഗ്രാമ പഞ്ചായത്ത് നൽകിയറിപ്പോർട്ട് പ്രകാരമുള്ള തനതു വരുമാനം AFS –മായി പൊരുത്തപ്പെടുന്നില്ല.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-17 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്ക ളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 313320 | 354 |
| കർഷകതൊഴിലാളി പെൻഷൻ | 3889060 | 1798 |
| വിധവാപെൻഷൻ | 10797130 | 4318 |
| വാർദ്ധക്യകാലപെൻഷൻ | 15581605 | 5053 |
| വികലാംഗപെൻഷൻ | 3317700 | 1272 |
| വിവാഹ ധന സഹായം | 1060000 | 22 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 430330 | 157 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-09-2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.23,878 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

നിർവഹണോദ്യോഗസ്ഥർ TR7 A കാഷ് ബുക്ക്,തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെ വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി-IV),സെക്രട്ടറിയും, നിർവഹണ ഉദ്യഗസ്ഥരും അനുബന്ധം ബി-V ലുള്ള പ്രൊജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നതിന് 12.04.2006 ലെ ജി.ഒ.(പി)177/2006/ധനം. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല.

വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സഞ്ചയ ഇന്റഗ്രേഷൻ പൂർണ്ണമായിട്ടില്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്, കാലയളവ്, മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇങ്കുംബൻസി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09-06-2017 മുതൽ | 01/2017 മുതൽ 05/2017 വരെ | 05-08-2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-10-2003 മുതൽ 15-11-2003 | 1998-99 മുതൽ 2002-03 വരെ | 24.02.04 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും നിർണ്ണയിക്കപ്പെട്ട നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും 2016-17 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

എ).സ്ഥാപന നികുതി ഒടുക്കാത്തത്.

| ക്രമ.നം. | പേര് | അർദ്ധ വർഷം |
|---|---|---|
| 1 | കേരള ഗ്രാമീണ ബാങ്ക്, പുറത്തൂർ | 1st &2nd |
| 2 | കെ.എസ്.ഇ.ബി. | 1st &2nd |
| 3 | ഐ.ഇ.ടി. ഹയർ സെക്കന്ററി സ്കൂൾ ,മരവന്ത | 1st &2nd |

ബി). നികുതി ഒടുക്കാത്ത വ്യക്തികൾ

| പേര് | തസ്തിക | സ്ഥാപനം | അർദ്ധ വർഷം | റിമാർക്സ് |
|---|---|---|---|---|
| ശ്രീ.അബ്ദുൽ കരീം മേച്ചേരി | IInd ഗ്രേഡ് ഓവർസിയർ | എൽ.എസ്.ജി.ഡി. സെക്ഷൻ,പുറത്തൂർ ഗ്രാമപഞ്ചായത്ത് | 2nd | |

| | | | | |
|---|---|---|---|---|
| ശ്രീ.ഗണേഷ് കുമാർ | IIIഗ്രേഡ് ഓവർസിയർ | | 2nd | |
| ശ്രീമതി.സീമ.എം. | IED,Rt.II | ബി.ആർ.സി., പുറത്തൂർ | 2nd | |
| ശ്രീമതി.ലിജാ ഷൈനി.കെ. | IED,Rt.II | | 2nd | |
| ശ്രീ.സുരേന്ദ്രൻ.സി. | CRCC | | 2nd | |
| ശ്രീമതി.രേഷ്മ.എം. | CRCC | | 2nd | |
| ശ്രീമതി.ശോഭ.ടി. | CRCC II | | 2nd | |
| ശ്രീമതി.ബുഷ്റ.കെ. | CRCC II | | 2nd | |
| ശ്രീമതി.സാബിറ. കെ.സി. | CRCC II | | 2nd | |
| ശ്രീമതി.ലിസി.കെ.എ. | CRCC II | | 2nd | |
| ശ്രീമതി.ഷൈനി. എം.ആർ. | CRCC II | | 2nd | |
| ശ്രീ.അനീസ്.കെ. | MIS | | 2nd | |
| ശ്രീ.അശോക്.എസ്. | O.A. | GUPS,പുറത്തൂർ | 2nd | |
| ശ്രീമതി.നിഷ.എം.ദാസ്. | UPSA. II | | 2nd | |
| ശ്രീമതി.നയിഷ.പി. | HM | ശാസ്താ എ.എൽ.പി.എസ്., പുതുപ്പള്ളി | 2nd | |
| ശ്രീമതി.ലളിത.എ. | LPSA | | 2nd | |
| ശ്രീമതി.ശ്യാമള.ആർ.കെ | LPSA | | 2nd | |

| | | | | |
|---|---|---|---|---|
| ശ്രീമതി.വിജയലക്ഷ്മി. | LPSA | | 2nd | |
| ശ്രീമതി.ബിന്ദു.എം. | LPSA | | 2nd | |
| ശ്രീമതി.ജസീറ | LPSA | | 2nd | |
| ശ്രീമതി.രിഫാ ഷലീസ്. | LPSA | | 2nd | |
| ശ്രീമതി.ജുമാന. | LPSA | | 2nd | |
| ശ്രീമതി.റഷീദ.ബി.കെ. | LPSA (അറബിക്) | | 2nd | |
| ശ്രീമതി.പ്രിയ.ടി.കെ. | LPSA | GMLPS,മുട്ടന്നൂർ | 2nd | |
| ശ്രീ.സഞ്ജയൻ.എം.വി. | LPSA | | 1st | 18.08.16ന് വിടുതൽ ചെയ്തു |
| ശ്രീ.അമീർ.പി.എ. | ജൂനി. അറബിക്. | | 1st | 01.08.16ന് വിടുതൽ ചെയ്തു |
| ശ്രീ.സുശീൽകുമാർ.ഇ. | PDടീച്ചർ | GMUPS,എടക്കനാട്. | 2nd | |
| ശ്രീമതി.സുനീത.പി.എ. | UPSA | | 2nd | |
| ശ്രീ.രാമകൃഷ്ണൻ.എം.വി. | LPSA | | 2nd | |
| ശ്രീ.മുഹമ്മദ് സിദ്ദീഖ്.എ.കെ. | PDടീച്ചർ | | 2nd | |
| ശ്രീമതി.മഞ്ജു.പി.കെ. | PDടീച്ചർ | | 1st | 02.06.16ന് വിടുതൽ ചെയ്തു |

| | | | | |
|---|---|---|---|---|
| | | | | |
| ശ്രീമതി. മോഹിത.പി.പി. | LPSA | | 1st | 10.08.16ന് വിടുതൽ ചെയ്തു |
| ശ്രീമതി.ഡാൽബെൻ സുജ.വി. | LPSA | | 1st | 01.08.16ന് വിടുതൽ ചെയ്തു |
| ശ്രീമതി.സൂസമ്മ സാമുവൽ | UPSA | GMUPS, പടിഞ്ഞാറേക്കര | 2nd | |
| ശ്രീമതി.ജയലക്ഷ്മി. ടി.കെ | UPSA | | 2nd | |
| ശ്രീ.പ്രകാശ്.പി.വി. | HSA | GHSS,പുറത്തൂർ | 2nd | |
| ശ്രീമതി.ബിൻസി ജോർജ് | HSA | | 2nd | |
| ശ്രീമതി.ലത.സി. | HSA | | 2nd | |
| ശ്രീമതി.വിദ്യാ രമേശ്. | PEടീച്ചർ | | 2nd | |
| ശ്രീ.സയീൻ അബ്ദുൽനാസർ | HSA | | 2nd | |
| ഡോ.സിന്ധു സത്യൻ | Vet.Surg. | വെറ്ററിനറി ഡിസ്പെൻസറി,പുറത്തൂർ | 2nd | |
| ശ്രീമതി.സ്വപ്ന ഗോപാൽ | LSI | | 2nd | |
| ശ്രീ.രവീന്ദ്രൻ.കെ. | അറ്റന്റന്റ് | | 2nd | |

| | | | | |
|---|---|---|---|---|
| ശ്രീ. രഞ്ജിത്കുമാർ.ടി. | LSI | | $2^{nd}$ | |
| ഡോ.സുമയ്യ. | M.O. | CHC,പുറത്തൂർ | $1^{st}$ | |
| ഡോ.അസ്ഹർ.ഇ.പി. | M.O. | | $1^{st}$ | |
| ശ്രീമതി.ഷജനിമോൾ. | JPHN | PHC,കൂട്ടായി | $1^{st}$ | |
| ശ്രീ.സുരേന്ദ്രൻ.എ. | TM | BSNL | $1^{st}$ | |
| ജീവനക്കാർ (മുഴുവനും) | അസി. എഞ്ചി. ഉൾപ്പെടെ 30 ജീവനക്കാർ | കെ.എസ്.ഇ.ബി. കാവിലക്കാട്. | $2^{nd}$ | |
| ജീവനക്കാർ (മുഴുവനും) | 13 ജീവനക്കാർ | ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ, പടിഞ്ഞാറേക്കര ബീച്ച് | $1^{st}$ | |
| ഡെയ് ലി കളക്ഷൻ ഏജന്റ്സ് | -- | വിവിധ ബാങ്കുകൾ | $1^{st}$&$2^{nd}$ | |
| മുഴുവൻ ജീവനക്കാരും | -- | ഹോമിയോ ഡിസ്പെൻറി | $1^{st}$ & $2^{nd}$ | |

ഡിമാന്റ് രജിസ്ററർ പ്രകാരം ലഭ്യമാകാത്ത വിവരങ്ങളാണ് നൽകിയിട്ടുള്ളതെന്നും പ്രസ്തുത സ്ഥാപനങ്ങളും വ്യക്തികളും യഥാർത്ഥത്തിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഡിമാന്റ് രജിസ്റ്റർ പ്രകാരവും വാർഷിക കണക്ക് പ്രകാരവും തൊഴിൽ നികുതി കുടിശ്ശിക വിവരം ഉൾപ്പെടാതെ പോയത് സംബന്ധിച്ച് വിശദീകരണവുംപഞ്ചായത്ത് പരിധിയിൽ ജോലിയെടുക്കുന്ന കോൺട്രാക്ടർമാർ, എഞ്ചിനീയർമാർ, ഡോക്ടേഴ്സ്, വക്കീലൻമാർ തുടങ്ങിയ പ്രഫഷണൽസിന്റെ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുന്നതിന് 14/ 07.10.2017നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മുഴുവൻ തൊഴിൽ നികുതിയും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 2-2 മൊബൈൽ ഫോൺ ടവറുകൾ- അനുബന്ധ കെട്ടിടങ്ങളുടെ വസ്തു നികുതി വിവരം ലഭ്യമാക്കിയില്ല.

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള മൊബൈൽ ഫോൺ ടവർ- അനുബന്ധ കെട്ടിടങ്ങളുടെ 31.03.2017 വരെയുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക വിവരം ലഭ്യമാക്കേണ്ടതിന് 05/04.10.2017നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും വിവരം ലഭ്യമാക്കുകയുണ്ടായില്ല. മൊബൈൽ ടവർ കെട്ടിടങ്ങളുടെ വസ്തു നികുതി നിരവധി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഒടുക്കു വരുത്തുന്നതിൽ ബന്ധപ്പെട്ട കമ്പനികൾ വീഴ്ച വരുത്തുന്നത് പതിവാക്കിയിട്ടുണ്ട്. ടവർ സ്ഥാപിക്കുന്ന വസ്തുവിന്റെ ഉടമയിൽ നിന്നും പാട്ടത്തിന് എടുത്ത ഭൂമിയിൽ ,വിദൂര പട്ടണങ്ങളിലെ ഓഫീസ് മേൽവിലാസം പ്രകാരം നിർമ്മാണ പെർമിറ്റിന് അപേക്ഷിക്കുന്ന ഈ കമ്പനികൾ പിന്നീട് മേൽവിലാസം മാറ്റുകയും പ്രസ്തുത വിവരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ അറിയിക്കാതിരിക്കുകയും ചെയ്യുന്നു. ആയതിനാൽ വസ്തു നികുതി ഡിമാന്റ് നോട്ടീസുകൾ ബന്ധപ്പെട്ട കമ്പനികൾ കൈപ്പറ്റാതെ തിരിച്ച് വരുന്നതും പതിവാണ്.

ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള മുഴുവൻ ടവറുകളുടെയും വിവരങ്ങളടങ്ങിയ ഒരു രജിസ്റ്റർ തയ്യാറാക്കി ഇവയെ കൃത്യമായി നിരീക്ഷിക്കാനും നടപടി സ്വീകരിച്ചിട്ടില്ല. വസ്തുനികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ടവറുകളുടെ പ്രവർത്തനം തടയുന്നതിനും ഗ്രാമ പഞ്ചായത്ത് നിയമപരമായ നടപടികൾ സ്വീകരിച്ച് കാണുന്നില്ല.

ഗ്രാമ പഞ്ചായതതിന്റെ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന മുഴുവൻ മൊബൈൽ ടവറുകളുടെയും വിവരം ശേഖരിച്ച്, അവയിൽ അനധികൃതമായുള്ളവ അടച്ചുപൂട്ടാനും വസ്തു നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നവയിൽ നിന്ന് നികുതി വസൂലാക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പ്രൊജക്ടിൽ സർക്കാർ ഉത്തരവ് പാലിക്കാതെ വാങ്ങിയ സ്ഥലത്തിന് പണം നൽകിയത് അംഗീകരിക്കുന്നില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ നമ്പർ 10/17 ഭൂരഹിതർക്ക് ഭൂമി വാങ്ങൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്താവായ ശ്രീമതി ശാന്ത ചിറ്റേപ്പുറത്ത് എന്നവർക്ക് 1.21 ആർ ഭൂമി നൽകിയതിന് സബ്സിഡി തുകയായ 1 ലക്ഷം രൂപ സ്ഥലത്തിന്റെ ഉടമയായ ശ്രീ ചന്ദ്രൻ s/o മനേലത്ത് കണ്ടു എന്നയാളുടെ മുക്ത്യാർ ഏജന്റും ടിയാളുടെ ഭാര്യയുമായ ശ്രീമത് ഷീജ എന്നവരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. (ചെക്ക് നമ്പർ 2235470/25-3-17 ) ഫയലിൽ ലഭ്യമായ രജിസ്റ്റർ ചെയ്ത ആധാരം പ്രകാരം ഗുണഭോക്താവായ ശ്രീമതി ശാന്ത എന്നവരുടെ സഹോദരനാണ് സ്ഥലം നൽകിയ ശ്രീ. ചന്ദ്രൻ എന്നയാൾ. ജി.ഒ.(എം.എസ്) 4/ 2016 ത.സ്വ.ഭ.വ 11-01-2016 ഉത്തരവനുസരിച്ച് വീട് നിർമ്മിക്കുന്നതിന് മിനിമം സ്ഥലം പരമ്പരാഗത കുടുംബസ്വത്തിൽ നിന്നോ അച്ഛൻ- അമ്മ എന്നിവരിൽ നിന്നോ അനന്തരാവകാശമായി ലഭിക്കാൻ അവകാശമില്ലാത്തവരായിരിക്കണം. സ്ഥലത്തിന് അപേക്ഷിക്കുന്ന ഭാര്യയും ഭർത്താവും വാങ്ങുന്ന സ്ഥലം ഭാര്യയുടെയും ഭർത്താവിന്റെയും പേരിൽ രജിസ്റ്റർ ചെയ്ത് വാങ്ങണം.സ്ഥലത്തിന് അപേക്ഷിക്കുന്ന ഭാര്യാ ഭർത്താക്കന്മാരുടെ അച്ഛനമ്മമാരിൽ നിന്നോ സഹോദരീ സഹോദൻമാരിൽ നിന്നോ വാങ്ങുന്ന സ്ഥലത്തിന് ധനസഹായം ലഭിക്കുകയില്ല.

മേൽ ഉത്തരവിലെ വ്യവസ്ഥയ്ക്കു വിരുദ്ധമായി സഹോദരനിൽ നിന്നും വാങ്ങിയ സ്ഥലത്തിന്

സബ്സിഡി നൽകിയത് ക്രമ പ്രകാരമല്ല. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 1 ലക്ഷം രൂപ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ വി.ഇ.ഒ.യിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 8 വർഷം പഴക്കമില്ലാത്ത വീടിന് ഭവന പുനരുദ്ധാരണ ധനസഹായം അനുവദിച്ചത് അംഗീകരിക്കുന്നില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ട് 9 /17 ഭവന പുനരുദ്ധാരണ ധനസഹായം പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്താവായ ശ്രീമതി ദേവകി കളരിക്കൽ w/o നാരായണൻ എന്ന ഗുണഭോക്താവിന് 25,000 രൂപ ധനസഹായം നൽകിയിട്ടുണ്ട്. 8 വർഷമെങ്കിലും പഴക്കമുള്ള വീടിന് മാത്രമെ അറ്റകുറ്റപ്പണികൾ അനിവാര്യമെങ്കിൽ ധനസഹായം നൽകാൻ കഴിയുകയുള്ളൂ. 2012-13 സാമ്പത്തിക വർഷം ദേശീയ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് ആനുകൂല്യം ലഭിച്ച ഗുണഭോക്താവിന് (ഇക്കാര്യം ടിയാളുടെ റേഷൻ കാർഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്) പുനരുദ്ധാരണത്തിന് ധനസഹായം നൽകിയത് ക്രമ പ്രകാരമല്ല. തുക തിരിച്ചടവാക്കി അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 2/3.10.2017 അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 25000 രൂപ നിരാകരിക്കുന്നു.

## 3-3 അർഹത ഉറപ്പാക്കാതെ ഓട്ടോറിക്ഷ വാങ്ങലിന് ധനസഹായം നൽകിയത് അംഗീകരിക്കുന്നില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ട് 8/17 സ്വയം തൊഴിൽ സംരംഭം -ഓട്ടോറിക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി 40000 രൂപ സബ്സിഡി അനുവദിച്ച ഗുണഭോക്താവായ ശ്രീ.സൈതലവി S/o അബൂട്ടി എന്നയാൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ സ്വയം സംരംഭകത്വ മിഷനിലോ പേരു രജിസ്റ്റർ ചെയ്തിരിക്കണം എന്ന (ജി.ഒ.(എം.എസ്) 4/ 2016 ത.സ്വ.ഭ.വ 11-01-2016 ഉത്തരവ് പ്രകാരമുള്ള) വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. 18-3-17 ന് ഗുണഭോക്താവും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും തമ്മിൽ കരാറിലേർപ്പെടുകയും സബ്സിഡി ബാങ്കിന് കൈമാറുകയും ചെയ്തിട്ടുണ്ട്.(ട്രഷറി ബിൽ നമ്പർ 6/30-3-17 , 1,20,000 രൂപ) അർഹത പരിഗണിക്കുന്ന സമയത്തോ കരാറിലേർപ്പെടുമ്പോളോ ധനസഹായം നൽകുമ്പോളോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ സ്വയം സംരംഭകത്വ മിഷനിലോ പേരു രജിസ്റ്റർ ചെയ്തിരുന്നോ എന്ന് ഉറപ്പ് വരുത്തി അർഹത പരിശോധിക്കാതെ ധനസഹായം നൽകിയത് അംഗീകരിക്കാവുന്നതല്ല. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 3/3.10.2017 അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുകയിൽ ഗുണഭോക്താവായ ശ്രീ സൈതലവിക്കു വേണ്ടി നൽകിയ 40,000 രൂപ തടസ്സം ചെയ്യുന്നു.

## 3-4 പി.എം.എ.വൈ ഷെയർ നൽകൽ- വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ ചെലവു തടസ്സം ചെയ്യുന്നു.

നമ്പർ 80/17 പി.എം.എ.വൈ ഷെയർ നൽകൽ പ്രൊജക്ടിൽ വികസന ഫണ്ട് - എസ്.സി.പി യിൽ വകയിരുത്തിയ 5 ലക്ഷം രൂപ തിരൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ട്രഷറി ബിൽ 16/3-3-17 പ്രകാരം പിൻവലിച്ച് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുക 25 ഗുണഭോക്താക്കൾക്കായി ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ സഹിതമുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 6/4.10.2017 അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി

ലഭ്യമാക്കിയിട്ടില്ല. ചെലവു തുക 5 ലക്ഷം രൂപ തടസ്സം ചെയ്യുന്നു.

## 3-5 ഭവന പുനരുദ്ധാരണം (എസ്.സി)- രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സം ചെയ്യുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്റ്റ് 83/17 ഭവന പുനരുദ്ധാരണം (എസ്.സി)എന്ന പ്രൊജക്ടിൽ 5 ഗുണഭോക്താക്കൾക്ക് ആകെ 75,000 രൂപ നൽകിയിട്ടുണ്ട്. (ട്രഷറി ബിൽ 7/31-3-17)

1. കമലം (കാർത്യായനി) താഴത്തെ പുരക്കൽ 25,000

2. ഇല്ലത്ത് വളപ്പിൽ കല്യാണി 12500

3. ചന്ദ്രിക മാട്ടുമ്മൽ 12500

4. ശകുന്തള കണിയത്ത് പറമ്പ് 12500

5 ചെറിച്ചി മാടക്കര പുതുപ്പള്ളി 12500

ജി.ഒ.(എം.എസ്) /4/ 2016 ത.സ്വ.ഭ.വ 11-01-2016 ഉത്തരവിലെ ഖണ്ഡിക 13 അനുബന്ധം 15 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 3.6 ക്രമ നമ്പർ 5 എന്നിവ പ്രകാരം വീട് പുനരുദ്ധാരണത്തിന് സബ്സിഡി നൽകുവാൻ താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതുണ്ട്.

1. വീട് വാസയോഗ്യമാണെങ്കിലും പുനരുദ്ധാരണ- അറ്റകുറ്റപ്പണികൾ അനിവാര്യമായിരിക്കണം.

2. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഓരോ വീടിന്റെയും അറ്റകുറ്റപ്പണിക്ക് എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കണം.

3. എൽ.എസ്.ജി.ഡി എഞ്ചിനീയർ അളവ് എടുത്ത ശേഷമായിരിക്കണം സബ്സിഡി നൽകേണ്ടത്.

മേൽ പ്രൊജക്റ്റ് നടപ്പാക്കുമ്പോൾ അറ്റകുറ്റപ്പണികൾ അനിവാര്യമായിരിക്കണം എന്ന കാര്യം പരിശോധിച്ച് റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല.വീടിന്റെ പഴക്കം സംബന്ധിച്ച വിവരമോ അറ്റകുറ്റപ്പണികൾ സംബന്ധിച്ച് ഉടമസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റോ വാല്യുവേഷനോ ഫയലിൽ ലഭ്യവുമല്ല.

ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 7/5.10.2017 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ചെലവു തുക 75000 രൂപ തടസ്സം ചെയ്യുന്നു.

## 3-6 ഭവന വൈദ്യുതീകരണ ധനസഹായം- അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റ് 7/17 ഭവന വൈദ്യുതീകരണ ധനസഹായം എന്ന പ്രൊജക്ടിൽ 5000 രൂപ വീതം 27 ഗുണഭോക്താക്കൾക്ക് ആകെ 135,000 രൂപ നൽകിയിട്ടുണ്ട്.ഈ പ്രൊജക്ടിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് കെ.എസ്.ഇ.ബിയിൽ സി.ഡി അടച്ച രശീതിന്റെ പകർപ്പ് ഹാജരാക്കാതെ (ജി.ഒ.(എം.എസ്) 4/ 2016 ത.സ്വ.ഭ.വ 11-01-2016 ഉത്തരവനുസരിച്ച്)ധനസഹായം നൽകിയതായി കാണുന്നു.

1. അയ്യപ്പൻകുന്നുങ്ങൽ s/o കൊലവൻ

2. സാഫിറ കരിയങ്ങാട്ട് w/oകബീർ

3. ദേവകി അമ്മിക്കോട്ടു പറമ്പിൽ w/o കൃഷ്ണൻ

4. ദേവദാസ് കീരിയാട്ടിൽ s/o നാരായണൻ

5 സുമ കളരിക്കൽ W/o സദാനന്ദൻ

6 സുശീല കൊളശ്ശേരി w/o രാജൻ

7 രാജേഷ് കുമാർ തിരുമനശ്ശേരി s/o ഭാസ്കരൻ

8 പ്രസാദ് മരവെട്ടാനമ്പ്രത്ത് s/o മുണ്ടക്കുട്ടി

9 രമ തട്ടാൻ പറമ്പിൽ w/o പുരുഷോത്തമൻ

10 സലീന തോട്ടരക്കൽ w/oഅലി (L)

11 ബുഷറ കക്കിടി w/o അഹമ്മദ് കുട്ടി

12 ഹൈറുന്നിസ ചേക്കുട്ടി അലിക്കാനകത്ത്w/o നാസർ

13 വൽസല മുല്ലപ്പള്ളി w/o വിജയൻ

14 ഗംഗാധരൻ മുല്ലപ്പള്ളി s/o വേലായുധൻ

15 സുലോചന പുക്കയിൽ w/o അൻപഴകൻ

16 ബാലകൃഷ്ണൻ കൊളപ്പുറത്തിക്കൽs/o നാരായണൻ

17. ഉഷ ചാലിൽ w/o രാജേഷ്

18. സുഭദ്ര പടുന്നയിൽ d/o ചക്കൻ

19. പ്രജിന തേരട്ടി w/o ഭരതൻ

ഗുണഭോക്താവായ കുറുമ്പ ചിറക്കൽ w/o താമി എന്നവർ നിലവിലുള്ള വൈദ്യുതി കണക്ഷന് അടവാക്കിയ അഡ്വാൻസ് ബില്ല് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ധന സഹായം നൽകിയതായി കാണുന്നത്.

ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണക്കുറിപ്പിന് ( 8 /4.10.2017 ) മറുപടി ലഭ്യമാക്കിയിട്ടില്ല.
വൈദ്യുതി കണക്ഷൻ നിലവിലുണ്ടായിട്ടും സബ്സിഡി നൽകിയ 5000 രൂപ അംഗീകരിക്കുന്നില്ല. രേഖകളുടെ അഭാവത്തിൽ 19 ഗുണഭോക്താക്കൾക്ക് നൽകിയ സബ്സിഡി 95,000 രൂപ തടസ്സം ചെയ്യുന്നു.

## 3-7 ഭവന പുനരുദ്ധാരണം ജനറൽ- അപാകതകൾ

വി.ഇ.ഒ നിർവ്വഹണം നടത്തിയ 9/17 ഭവന പുനരുദ്ധാരണം എന്ന പ്രൊജക്റ്റിൽ 26 ഗുണഭോക്താക്കൾക്ക് ആകെ 6,50,000 രൂപ നൽകിയിട്ടുണ്ട്. (ട്രഷറി ബിൽ 7/30-3-17 5,00,000, ട്രഷറി ബിൽ 8/30-3-17 1,50,000 )

ജി.ഒ.(എം.എസ്) /4/ 2016 ത.സ്വ.ഭ.വ 11-01-2016 ഉത്തരവിലെ ഖണ്ഡിക 13 അനുബന്ധം 15 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 3.6 ക്രമ നമ്പർ 5 എന്നിവ പ്രകാരം വീട് പുനരുദ്ധാരണത്തിന് സബ്സിഡി നൽകുവാൻ വേണ്ട താഴെ പറയുന്ന നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല.

1. ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുന്നവരാണെന്ന രേഖ ഹാജരാക്കുകയോ വരുമാനം സാക്ഷ്യപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ല.

2. വീട് വാസയോഗ്യമാണെങ്കിലും പുനരുദ്ധാരണ- അറ്റകുറ്റപ്പണികൾ അനിവാര്യമായിരിക്കണം എന്നതിന് രേഖകളില്ല.

3. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഓരോ വീടിന്റെയും അറ്റകുറ്റപ്പണിക്ക് എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കണം എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

4. എൽ.എസ്.ജി.ഡി എഞ്ചിനീയർ അളവ് എടുത്ത ശേഷമായിരിക്കണം സബ്സിഡി നൽകേണ്ടത്.എന്നാൽ അപ്രകാരമുള്ള വാല്യുവേഷൻ ഇല്ല.

5.വീടിന്റെ പഴക്കം സംബന്ധിച്ച വിവരമോ സാക്ഷ്യപ്പെടുത്തലോ ഇല്ല.
ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 10/5.10.2017 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ ചെലവു തുക 6,50,000 രൂപ തടസ്സം ചെയ്യുന്നു.

## 3-8 മരുന്ന് വാങ്ങൽ പ്രൊജക്ടുകൾ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

നിർവ്വഹണ ഉദ്യോസ്ഥൻ : മെഡിക്കൽ ഓഫീസർ പി.എച്ച്.സി

1.പ്രൊജക്ട് 151/17 ആയുർവേദ ആശുപത്രിക്ക് മരുന്ന് ( റോഡിതര മെയിന്റനൻസ് ഗ്രാന്റ്) വാങ്ങുന്നതിന് 5 ലക്ഷം രൂപ ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.എം) കേരളയ്ക്ക് ഡി.ഡി 464214/26-12-16 പ്രകാരം മുൻകൂർ നൽകിയൽ 3,98,566 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്.( ഇൻവോയ്സ് 3757/31-1-17 Rs 359904, ഇൻവോയ്സ് 5100/31-3-17 Rs 38662.)1,01,434 രൂപയുടെ മരുന്നുകൾ കിട്ടാൻ അവശേഷിക്കുന്നു.

2. പ്രൊജക്ട് 152/17 ഹോമിയോ ആശുപത്രിക്ക് മരുന്ന് ( റോഡിതര മെയിന്റനൻസ് ഗ്രാന്റ്) വാങ്ങുന്നതിന് 2 ലക്ഷം രൂപ ഹോംകോ ആലപ്പുഴയ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്.ഡി.ഡി 464215/26-12-16മരുന്ന് നാളിതു വരെ ലഭ്യമായതായി കാണുന്നില്ല.

3.പ്രൊജക്ട് 153/17 പരിരക്ഷ- ആയുർവേദ മരുന്നുകൾ വാങ്ങൽ ( റോഡിതര മെയിന്റനൻസ് ഗ്രാന്റ്) വാങ്ങുന്നതിന് 1 ലക്ഷം രൂപ ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.എം) കേരളയ്ക്ക് ഡി.ഡി 464216/26-12-16 പ്രകാരം മുൻകൂർ നൽകിയതിൽ 37923 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്.62077 രൂപയുടെ മരുന്നുകൾ കിട്ടാൻ അവശേഷിക്കുന്നു.

4.പ്രൊജക്ട് 140/17 പരിരക്ഷ-(വികസന ഫണ്ട് പൊതുവിഭാഗം) മരുന്ന് വാങ്ങുന്നതിന് 1,10,000 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. (ട്രഷറി ബിൽ നമ്പർ 6/23-2-17 1,63,850 രൂപ.) മരുന്നുകൾ ലഭിച്ചതിന്റെ കാഷ് ഇൻവോയ്സ്, സ്റ്റോക്ക്/ഇഷ്യൂ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കിയതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ അറിയിക്കേണ്ടതാണ്.

നാളിതുവരെ ലഭ്യമാകാത്ത മരുന്നുകളുടെ വിലയായ 4,73,511 രൂപ (1,01,434 രൂപ + 2 ലക്ഷം രൂപ + 62077 രൂപ + 1,10,000 രൂപ) തടസ്സം ചെയ്യുന്നു.

## 3-9 രോഗപ്രതിരോഗ പ്രവർത്തനം- ക്രമക്കേടുകൾ

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ 155/17 രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്ന

പ്രൊജക്ടിനായി തനതു ഫണ്ടിൽ നിന്നും ആകെ ചെലവഴിച്ച 1,57,600 രൂപയിൽ ചെക്ക് നമ്പർ 2235410/18-2-17 പ്രകാരമുള്ള 19800 രൂപയുടെ ചെലവിൽ താഴെപ്പറയുന്ന ഇനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.


ഔട്ട് റീച്ച് ഇമ്മ്യൂണൈസേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി പടിഞ്ഞാറെക്കര പ്രദേശത്ത് എച്ച്.ഐ, എൽ.എച്ച്.ഐ, മെഡിക്കൽ ഓഫീസർ എന്നിവരുമായി പ്രദേശത്തെ അൺ ഇമ്മ്യൂണൈസ്ഡ്/ പാർഷ്യലി ഇമ്മ്യൂണൈസ്ഡ് കുട്ടികളുടെ വീടു സന്ദർശിച്ച് ബോധവൽക്കരണം നടത്തിയ വകയിൽ വാഹനവാടക വെയിറ്റിംഗ് ചാർജ് അടക്കം KL 58 K 7542 വാഹനത്തിന് ശ്രീ. ഷാഫി.കെ യ്ക്ക് നൽകിയത്

1. 16-7-16 ന് 1000 രൂപ. ( വൗച്ചർ 3/17)

2. 17-8-16 ന് 1000 രൂപ. ( വൗച്ചർ 4/17)

3. 7-10-16 ന് 1000 രൂപ. ( വൗച്ചർ 7/17)

4. 5-12-16 ന് 1000 രൂപ. ( വൗച്ചർ 9/17)


Registration Details

Enter Reg Number KL-58-K-7542 Eg: KL-01-AA-7889 Enter Chassis Number Last 5 values Enter the charactres* 7z6833 Get

Reg Number : KL-58-K-7542 Office: SRTO, THALASSERY

Owner Details

| OwnerName | With Effect From | Guardian | Address | DealerName |
|---|---|---|---|---|
| DEVI.K.P | 09-Jul-2013 | -- | -- | Pioneer Motors |

Tax / CESS Details

| Tax License No. | Tax Paid On | Tax Paid From | Tax Paid TO | Tax Amount | Tax Paid Office | CESS Amount Paid | CESS Paid Date |
|---|---|---|---|---|---|---|---|
| 29335 | 09-Jul-2013 | 29-Jun-2013 | 31-Mar-2028 | Rs 3060 | SRTO, THALASSERY | 50 | 09-Jul-2013 |

Other Details

| Category | VehicleClass | Maker Name | Maker Class | C.C | BHP | Body | Cylinders |
|---|---|---|---|---|---|---|---|
| Non-Transport | MOTOR CYCLE - ABOVE 95CC | HONDA MOTOR CYCLES INDIA LTD. | HONDA ACTIVA | 110.00 | 8.00 | SOLO | 1 nos |

| Mfd Month | Mfd Year | Seat Capacity | ULW | Fuel | Wheel Base | Color | Registration Date | Valid upto | Delivery Date |
|---|---|---|---|---|---|---|---|---|---|
| Jun | 2013 | 2 | 111 | PETROL | 0.00 | Geny Grey Metallic | 09-Jul-2013 | 08-Jul-2028 | 29-Jun-2013 |

മേൽ ആവശ്യങ്ങൾക്കായി ഓടിയതായി പറയുന്ന വാഹനം പരിശോധിച്ചതിൽ കേരള മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിന്റെ നോൺ ട്രാൻസ്പോർട്ട് ഇനത്തിൽ പെടുന്ന ഹോണ്ട ആക്ടീവ സ്കൂട്ടർ ആണ് എന്ന് കാണുന്നു. ആയതിനാൽ ഇല്ലാത്ത ചെലവിന് വൗച്ചർ തയ്യാറാക്കി പണം പിൻവലിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത് ഗുരുതരമായ ക്രമക്കേടാണ്. 4000 രൂപ തിരിച്ചടവാക്കേണ്ടതാണ്. ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 18 /10-10-17 അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-10 വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ ചെലവു തുക തടസ്സം ചെയ്യുന്നു.

താഴെ പറയുന്ന പ്രൊജക്ടുകൾക്കായി ചെലവഴിച്ച തുകകൾക്ക് വിശദാംശങ്ങൾ സഹിതമുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

1. പ്രൊജക്ട് 80/17 പി.എം.എ.വൈ ഷെയർ നൽകൽ- 14,20,000 രൂപ. ട്രഷറി ബിൽ നമ്പർ 10/27-12-16.

2. പ്രൊജക്ട് 229/17 ഐ.എ.വൈ (എസ്.സി) വർദ്ധിപ്പിച്ച വിഹിതം നൽകൽ- 10,25,000 രൂപ. ട്രഷറി ബിൽ നമ്പർ 12/22-02-17.

3.പ്രൊജക്ട് 230/17 ഡി.പി.സി കെട്ടിടം സംഭാവന- 1,00,000 രൂപ. ട്രഷറി ബിൽ നമ്പർ 13/20-2-17.

4.പ്രൊജക്ട് 74/17 സാമൂഹ്യ സുരക്ഷാമിഷൻ പ്രവർത്തനങ്ങൾക്ക് സംഭാവന- 3,72,000 രൂപ. ട്രഷറി ബിൽ നമ്പർ 9/19-12-16- 1,72,000, ട്രഷറി ബിൽ നമ്പർ 22/9-3-17- 2,00,000.

ആകെ ചെലവു തുക 29,17,000 രൂപ തടസ്സം ചെയ്യുന്നു.

## 3-11 അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല

പട്ടികയിൽ നല്കിയ ചെലവുകൾക്ക് അതാതിനു നേരെ കാണിച്ചിട്ടുള്ള അനുബന്ധ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം/പേര് | ചെലവ് വിവരം | | | റിമാർക്സ് |
|---|---|---|---|---|---|
| | | ബിൽ/ചെക്ക് നം.&തീയതി | തുക | ഫണ്ടിനം | |
| 1 | SO 044/17, ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് | SB/XY No. 2235403/ 24.01.17 | 1,48,800 | തനത് | 25ക്ലബ്ബുകൾക്ക് 9ഇനങ്ങളടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു. നിലവിൽ ക്ലബ്ബുകൾ സ്പോർട്സ് കൗൺസിലിലോ നെഹ്റു യുവ കേന്ദ്രയിലോ രജിസ്റ്റർ ചെയ്തവയാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 2 | SO045/17, SSA വിഹിതം ഒടുക്കൽ | ബിൽ നം. 01/16-17 24.11.2016 | 10,63,875 | വികസന ഫണ്ട് (പൊ.വി.) | തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യ പത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 3 | SO046/17, സ്കൂളുകളിൽ ക്ലാസ് ലൈബ്രറികൾ സ്ഥാപിക്കൽ | SB/XY No. 2235404/ 10.03.17 | 2,99,056 | തനത് | a)കമ്മീഷനോടുകൂടി 1,00,000/-രൂപയുടെ പുസ്തകങ്ങൾ ഹരിതം ബുക്സ് കോഴിക്കോടിൽ നിന്ന് വാങ്ങി.'ബുക്ക് മാർക്കിൽ' നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. b)1,99,056 രൂപയ്ക്ക് വാങ്ങിയ 31 സ്റ്റീൽ അലമാരകളിൽ ആകെ 38,527 രൂപ വില വരുന്ന 6അലമാരകൾ 3എയ്ഡഡ് സ്കൂളുകൾക്ക് (1.ദേവീ വിലാസം ALPS,പുറത്തൂർ, 2.ശാസ്ത ALPS,പുതുപ്പള്ളി, 3.ALPSകല്ലൂർ) രണ്ട് വീതം |

| | | | | | |
|---|---|---|---|---|---|
| | | | | | നൽകി. |
| 4 | SO048/17, മത്സ്യ തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ | ബിൽ നം. 03/16-17 25.03.2017 | 5,99,237 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 287 വിദ്യാർത്ഥികൾക്ക് സ്റ്റീൽ മേശയും ഫൈബർ കസേരയും വിതരണം ചെയ്തിട്ടുണ്ട്. 11.01.2016ലെ ജി.ഒ.(എം.എസ്.)04/2016/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവവിലെ മത്സ്യ ബന്ധനം സബ്സിഡി ക്രമ നമ്പർ 7 പ്രകാരം മരം/സ്റ്റീൽ മേശയും കസേരയുമാണ് വിതരണം നടത്തേണ്ടത്. പ്രസ്തുത നിർദ്ദേശത്തിനു വിരുദ്ധമായി ഫൈബർ കസേര വിതരണം നടത്തിയിരിക്കുന്നു. |
| | | ബിൽ നം. 07/16-17 29.03.2017 | 5,47,302 | | |
| ആകെ | | | 26,58,270 | | |

ഇത് സംബന്ധിച്ച് നൽകിയ 12 /05.10.2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി ക്ലബ്ബുകൾ ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എയ്ഡഡ് സ്കൂളുകൾക്ക് അലമാര നൽകിയത് സർക്കാർ സ്കൂളുകൾക്ക് വിതരണം ചെയ്തതിനു ശേഷമാണെന്നും ഫൈബർ കസേര വാങ്ങിയത് യൂണിറ്റ് കോസ്റ്റായ4000/-രൂപയിൽ ഒതുക്കി മേശയും കസേരയും കൂടി വാങ്ങുന്നതിനാണെന്നുമാണ്. മറുപടി വസ്തു നിഷ്ഠമല്ലാത്തതിനാൽ ചെലവ് തുക 11,46,539 രൂപ തടസ്സം ചെയ്യുന്നു.

## **3-12** <u>പഠന യാത്ര നടത്താത്ത ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിഹിതം നൽകി</u>

പ്രോജക്ട് നം. : 43/17,ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്

ബിൽ നം. : 05/16-17 തീയതി: 28.03.2017 , തുക: 6,00,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്.

ട്രഷറി ചെക്ക് നം : SB/XY No.2235458/21.03.2017,തുക: 5,68,300/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം: 1,50,000/- + തനത് ഫണ്ട് : 4,18,300/-)

ആകെ : <u>11,68,300/-</u>

നിർവ്വഹണം : ഹെഡ് മിസ്ട്രസ്

11.01.2016ലെ ജി.ഒ.(എം.എസ്)4/2016/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 9(iv)പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയ്ക്കുമുള്ള തുക ഗ്രാമ പഞ്ചായത്ത് വകയിരുത്തുകയും പ്രസ്തുത ഉത്തരവിലെ സബ്സിഡി മാർഗ്ഗരേഖ

ഖണ്ഡിക നമ്പർ 5.8 പ്രകാരമുള്ള നിരക്കുകൾ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പൂർണ്ണ നിരക്കിലുള്ള സ്കോളർഷിപ്പ് നൽകിയതിൽ, ഉല്ലാസയാത്ര/പഠനയാത്ര നടത്തുന്നതിന് രക്ഷിതാക്കളിൽ ഒരാൾ ഉൾപ്പെടെ ,കുട്ടിയുടെ യാത്രാ ചെലവിലേയ്ക്ക് നൽകുന്ന 1,000/- രൂപയുടെ ആനുകൂല്യം കൂടി ഉൾപ്പെട്ടിട്ടുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് നിരക്കുകൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | സ്കോളർഷിപ്പ്/ബത്ത (രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത(വാർഷികം) | 800 |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത(വാർഷികം) | 1400 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത(പ്രതിമാസം) | 400 |
| 5 | ഉല്ലാസയാത്രാ ചെലവുകൾ,പഠന പര്യടനം മുതലായവയ്ക്ക്-രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ | 1000 |

മാനസിക വെല്ലുവിളികൾ നേരിടുന്ന 49വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്രയ്ക്കുള്ള 1,000/- രൂപ ഉൾപ്പെടെ 20,000/- രൂപ വീതം സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. വിദ്യാർത്ഥികൾ തൻ വർഷം ഉല്ലാസയാത്ര/പഠനയാത്ര നടത്തിയതിന്റെ ഫോട്ടോഗ്രാഫ്സ് അടങ്ങിയ, ബന്ധപ്പെട്ട സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ, യാതൊരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത വിദ്യാർത്ഥികൾ ഉല്ലാസയാത്ര/പഠനയാത്ര നടത്തിയതായി കരുതാൻ കഴിയില്ല.

ഉല്ലാസയാത്ര/പഠനയാത്ര നടത്തിയെന്ന് ഉറപ്പു വരുത്താതെ 49,000/-രൂപ (49*1000) വിദ്യാർത്ഥികൾക്ക് അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 04/04.10.2017നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് പഠന യാത്ര നടത്തിയിട്ടുണ്ടെന്നും എന്നാൽ തെളിവുകൾ സൂക്ഷിച്ചുവെക്കാൻ വിട്ടു പോയതാണെന്നും ഭാവിയിൽ അപാകത വരാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഭിന്ന ശേഷിക്കാരായ കുട്ടികൾക്ക് നൽകിയ തുകയായതിനാലും ഭാവിയിൽ അപാകത വരാതെ ശ്രദ്ധിക്കുന്നതാണെന്നുമുള്ള നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി പരിഗണിക്കുന്നു.

## 3-13 തെരുവ് നായ നിയന്ത്രണം - എ.ബി.സി. പദ്ധതി ചെലവ് രേഖകൾ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. -S0110/17

വെറ്ററിനറി സർജൻ നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ വൗച്ചർ നം.21601082 dtd.28.3.17 പ്രകാരം 150000/- ഡെപ്യൂട്ടി ഡയറക്ടർ (AH) മലപ്പുറത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മേൽ തുകയുടെ ചെലവു രേഖകളോ വിനിയോഗ സാക്ഷ്യപത്രമോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 150000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ -എൻ എ സി, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല

പ്രോജക്റ്റ് നം.S0101/17

ട്രഷറി ബിൽ നം.7/2016-17. dtd.31.3.17. 80000/-

മൃഗാശുപത്രിക്ക് മരുന്ന് വാങ്ങിയതിന് മേൽ ട്രഷറി ബിൽ പ്രകാരമുള്ള തുക ജെ.ജെ. ഫാർമ്മ നിലമ്പൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പരിശോധനയിൽ ആയതിന്റെ സ്റ്റോക്ക് എൻട്രി രേഖപ്പെടുത്തിയിട്ടില്ല സ്റ്റോക്കിലെടുത്തതായി കാണുന്നില്ല.ജി.ഒ.(എം.എസ്) 4/2016 ത.സ്വ.ഭ.വ. തിയതി.11.1.2016. മൃഗ സംരക്ഷണം ഖ. നമ്പർ ix പ്രകാരം ജില്ലയിലെ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ നൽകുന്ന നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമെ മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങാൻ പാടുള്ളൂ.എന്നാൽ മേൽ നടപടി ക്രമവും പാലിചിട്ടില്ല. മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 80000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 തൊഴിലുറപ്പ് പദ്ധതി അവലോകനം

2005 ൽ നിലവിൽ വന്ന ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006- 07 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജിവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈട്ടു നില്ക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവീതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

തൊഴിൽ കാർഡിനായി അപേക്ഷിച്ചവരുടെ ആകെ എണ്ണം 4165 ആണ്. തൊഴിൽ കാർഡിനായി അപേക്ഷിച്ചവർക്കെല്ലാം തന്നെ തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്.

തൻ വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ - 362

തൻവർഷം നടപ്പിലാക്കിയ പദ്ധതികൾ - 204

ആകെ അടങ്കൽ - 71690000/-

തൻവർഷത്തെ വരവ് - 1042827/-

തൻവർഷത്തെ ചെലവ് - 1036656/-

നീക്കിയിരിപ്പ് - 6171/-

തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം - 1392

100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം - 21

2016-17 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം പുറത്തൂർ ഗ്രാമ പഞ്ചായത്തിൽ കുളം 19 എണ്ണം, നടപ്പാത 18 എണ്ണം, ഭവനനിർമ്മാണം 40 എണ്ണം,കക്കൂസ് നിർമ്മാണം10 എണ്ണം എന്നി പ്രവൃത്തികൾ പ്രത്യേകമായി ചെയ്തിട്ടുണ്ട്.മറ്റ് പ്രവൃത്തികളിൽ വെള്ളക്കെട്ട് ഒഴിവാക്കുന്ന പ്രവൃത്തികളാണ് കൂടുതൽ ചെയ്തിട്ടുള്ളത്.

ഗ്രാമങ്ങളിലെ അവിദഗ്ധ തൊഴിലാളികൾക്ക് 100 ദിവസം തൊഴിൽ നല്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ദേശീയ തൊഴിലുറപ്പ് നിയമപ്രകാരം തൊഴിൽ ചെയ്യാൻ തയ്യാറായ ഓരോ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ തൊഴിൽ നൽകേണ്ടതാണ്.ഈ ലക്ഷ്യം കൈവരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധ്യമായിട്ടില്ല. ആസ്തികൾ സൃഷ്ടിക്കുന്ന കൂടുതൽ പ്രവൃത്തികൾ പ്രോജക്ടിൽ ഉൾപ്പെടുത്തി ചെയ്യുവാൻ ബന്ധപ്പെട്ടവരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-16 ലോഗ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല.

KL.55B -4215 എന്ന പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. മാസാന്ത്യ സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഇന്ധന ഉപഭോഗത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാഹനത്തിന്റെ റിപ്പയർ സംബന്ധമായ വിവരങ്ങളും ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.2016 -17 വർഷത്തിൽ വാഹനത്തിന്റെ ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ല.വാഹന പരിപാലനം സംബന്ധിച്ച ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ. തി.30.8.2007 ഉത്തരവും, വാഹന പരിശോധന സംബന്ധിച്ച സർക്കുലർ 41/2008/ധനം02/08/2008 ലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. മാസാന്ത്യസംക്ഷിപ്തം എഴുതി സൂക്ഷിക്കാത്തതിനും,ഇന്ധനക്ഷമത ടെസ്റ്റ് നടത്താതിരുന്നതിനും വിശദീകരണം നൽകേണ്ടതാണ്.വാഹന പരിപാലനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവരുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| തിരൂർ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 150000 | - |
| തിരൂർ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 200000 | പരിരക്ഷ | 176600 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നമ്പർ | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം/തീയതി | വായ്പാ തുക | വർ,ഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം തിരിച്ചടച്ചത് | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി | |
|---|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | മുതൽ | പലിശ |
| 01 | ഇ.എം.എസ്.ഭവന പദ്ധതി | 953/2010 /ത.സ്വ.ഭ.വ. തി.19.3.2010 | 1,78,36,500 | 2045423 | 1444954 | | 600469 | |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2076953 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |

| | |
|---|---|
| ആകെ | 2076953 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2218328 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| തിരൂർ അർബൻ കോഓപ്പറേറ്റീവ് ബാങ്ക് | 859256 |
| പുറത്തൂർ സർവ്വീസ് സഹകരണബാങ്ക് | 1217697 |
| പലിശ | 141375 |
| ആകെ | 2218328 |

## 4-6 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/തിയ്യതി |
|---|---|---|---|---|
| 2008-09 | 3-10(2) | 10157 | ശ്രീ.ഇ.ടി.രാജപ്പൻ., അസി.എഞ്ചിനീയർ | 72/29602 തീ.16.07.2016 (90602100072/ 16.07.16സാംഖ്യ) |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 9 | 2004-05 | - | മരാമത്ത് പ്രവൃത്തി അപാകത | നടപടിതുടരുന്നു |
| 1999-00 | 2(1) | 2004-05 | | പണാപഹരണം | നടപടിതുടരുന്നു |
| | 9 | 2004-05 | | സ്വയം സഹായ സംഘങ്ങൾക്ക് | നടപടിതുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | അനധികൃതമായി തുകഅനുവദിച്ചത് സംബന്ധിച്ച് | |
| | 11 | 2004-05 | | മത്സ്യ കൃഷി അപാകത. | നടപടി തുടരുന്നു |
| | 12 | 2004-05 | | പുനരധിവാസം | നടപടി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63337384.77 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 52950437.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,34,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7638781 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 100000 | ശ്രീ.ബൈജുലാൽ., വി.ഇ.ഒ. |
| 3-2 | | 25000 | |
| 3-5 | | 5000 | |
| 3-9 | | 4000 | ഡോ.നജ്മ.,മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) |
| ആകെ | | 134000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 40,000 | ശ്രീ.ബൈജുലാൽ., വി.ഇ.ഒ. |

| | | |
|---|---|---|
| 3-4 | 5,00,000 | |
| 3-5 | 75,000 | ശ്രീമതി.റീന.എ.എം.,അസി.സെക്രട്ടറി |
| 3-6 | 95,000 | ശ്രീ.ബൈജുലാൽ., വി.ഇ.ഒ. |
| 3-7 | 6,50,000 | |
| 3-8 | 4,73,511 | ഡോ.നജ്മ.,മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) |
| 3-10 | 29,17,000 | ശ്രീ.അബൂഫൈസൽ.എ., സെക്രട്ടറി |
| 3-11 | 26,58,270 | ശ്രീമതി. നളിനി ഹെഡ്മിസ്ട്രസ് |
| 3-13 | 1,50,000 | ഡോ.പ്രദീപ് ജേക്കബ്,വെറ്ററിനറിസർജൻ |
| 3-14 | 80000 | ഡോ.പ്രദീപ് ജേക്കബ്,വെറ്ററിനറിസർജൻ |
| ആകെ | 7638781 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബൈജുലാൽ., വി.ഇ.ഒ. | വി.ഇ.ഒ.,പുറത്തൂർ | കൊല്ലമണ്ണാടി(ഹൗസ്), വിജയഗിരി(പി.ഒ.),ആലക്കോട്,കണ്ണൂർ |
| ഡോ.നജ്മ., മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.),പുറത്തൂർ | പള്ളിവളപ്പിൽ ഹൗസ്, വാക്കാട്(പി.ഒ.) 676502 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1970-71 | എൽ.എഫ്.എം.5/959/97/25-7-97 | 3 | |

| | | | |
|---|---|---|---|
| 1982-83 | എൽ.എഫ്.എം.5/942/97/25-7-97 | 9 | |
| 1983-84 | എൽ.എഫ്.എം.5/943/97/25-7-97 | 9 | |
| 1984-85 | എൽ.എഫ്.എം.5/944/97/25-7-97 | 10 | |
| 1985-86 | എൽ.എഫ്.എം.7/1360 /94/20-10-14 | 11 | |
| 1986-87 | എൽ.എഫ്.എം.5/945/97/25-7-97 | 7 | |
| 1987-88,88-89 | എൽ.എഫ്.എം.5/946/97/25-7-97 | 16 | |
| 1989-90,90-91 | എൽ.എഫ്.എം.5/947/97/25-7-97 | 10 | |
| 91-92 | എൽ.എഫ്.എം.5/948/97/26-7-97 | 6 | |
| 92-93<br>93-94 | എൽ.എഫ്.എം.7/1297 /94/20-10-94 | 8 | |
| 94-95 | എൽ.എഫ്.എം.5/383/96/19-9-96 | 2 | |
| 99-00 | എൽ.എഫ്.എം.16/868/04/6-1-05 | 14 | |
| 2000-01 | എൽ.എഫ്.എം.16/867/042-3-05 /31-3-05(plan) | 8 | |
| 2001-02 | എൽ.എഫ്.എം.7/26/07/29-3-07 | 15 | |
| 2005-06 | എൽ.എഫ്.എം.14/1741/09/7-5-10 | 4 | |
| 2006-07 | എൽ.എഫ്.എം.14/1742/09/7-5-10 | 10 | |
| 2007-08 | എൽ.എഫ്.എം.16/2060/11/14-12-11 | 10 | |
| 2008-09 | എൽ.എഫ്.എം.162061/11/14-12-11 | 14 | |
| 2010-11, 2011-12 | എൽ.എഫ്.എം.17/903 /2013/18-6-13 | 15 | |
| 2012-13 | എൽ.എഫ്.എം.17/1630/14/20-9-14 | 15 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.28/520/16 തി. 19.4.16 | 16 | |
| 2015-16 | കെ.എസ്.എ.എം.പി.എം.28/4/2017 തി. 16.01.17 | 16 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

# 5-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.എം.പി.എം.17/2241/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in
തിയതി 17/11/2017

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ്

സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2017 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നും സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.

# 5-2

# AUDIT CERTIFICATE

No.KSAMPM17/2241/2017

Kerala State Audit Department.

District Audit Office, Malappuram

PIN - 676 505, Phone: 0483 2734951

e - mail. dompm.ksad@kerala.gov.in

Dated.17/11/2017.

CERTIFICATE

Certified that I have examined the Annual Financial Statement of Purathur Grama Panchayat for the year ended on 31.03.2017 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of Purathur Grama Panchayat for the year 2016-17 subject to the observations in the Audit report, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR,

KERALA STATE AUDIT DEPARTMENT,

MALAPPURAM.